ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ടെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ടെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിനുള്ള ഒഴിവുകൾ നിലവിലില്ല. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിന് 9**യോഗ്യരായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്.

പുനർനാമകരണം ചെയ്തിട്ടുള്ള തസ്തികകൾ

34 (3537) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ ചെയ്ത തസ്തികകൾക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിനു കീഴിലും പൊതുഭരണ വകുപ്പിന് കീഴിലും പുനർനാമകരണം ചെയ്ത തസ്തികകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	തസ്തികയുടെ പുതിയ പേര്
1	സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്	അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
2	ലീഗൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്)	അസിസ്റ്റന്റ് ലീഗൽ ഓഫീസർ
3	ഓഡിറ്റർ (സെലക്ഷൻ ഗ്രേഡ്)	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

* ഒഴിവുകൾ നിലവിലുണ്ട്. തസ്തിക മാറ്റത്തിന്.

LIBRARY ARCHIVES Kerala Legislative Assembly

4	പേഴ്സണൽ അസിസ്റ്റന്റ്	പേഴ്സണൽ സെക്രട്ടറി
5	ടൈപ്പിസ്റ്റ്	കമ്പ്യൂട്ടർ അസിസ്റ്റന്റ്
6	പ്യൂൺ	ഓഫീസ് അറ്റൻഡന്റ്
7	ഡ്രൈവർ	ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്
8	ഫുൾ ടൈം ടെലഫോൺ ക്ലീനർ	ഫുൾടൈം ഫോട്ടോകോപ്പിയർ കം കമ്പ്യൂട്ടർ കം ടെലഫോൺ ക്ലീനർ
9	സൈക്കിൾ സ്റ്റാൻഡ് വാച്ച്മാൻ	സെക്രട്ടേറിയറ്റ് ട്രാഫിക് വാർഡൻ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുനർനാമകരണം ചെയ്ത തസ്തികകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	തസ്തികയുടെ പുതിയ പേര്
1	സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ
2	എൽ.ഡി.ക്ലാർക്ക്	ക്ലാർക്ക്
3	യു.ഡി.ക്ലാർക്ക്	സീനിയർ ക്ലാർക്ക്

മറ്റ് വകുപ്പുകളിലെ തസ്തികകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പുനർനാമകരണം ചെയ്ത തസ്തികകൾക്ക് സാമ്പത്തിക ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല.

മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

. **35 (3539)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. & എസ്. എസ്. ആർ. റൂൾ-8 അനുസരിച്ച് മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് സീനിയോറിറ്റി ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കേണ്ടത്;

LIBRARY ARCHIVES Kerala Legislative Assembly